**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3724** **27-06-2024 - ൽ മറുപടിയ്ക്ക്**

**കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ സമഗ്ര വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം മുകേഷ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊല്ലം കെ.എസ്.ആർ.ടി.സി. ഡിപ്പോ കെട്ടിടത്തിന്റെ ശോചനീയാവസ്ഥയും അപകടാവസ്ഥയും പരിഹരിക്കുന്നതിനും ഡിപ്പോയുടെ സമഗ്ര വികസനത്തിനുമായി കിഫ്ബി ധനസഹായത്തോടെ പ്രഖ്യാപിക്കപ്പെട്ട പദ്ധതിയുടെ രൂപീകരണ പുരോഗതി അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ? | (എ) | കിഫ്ബി ധനസഹായത്തോടുകൂടി വാണിജ്യ പ്രാധാന്യമുള്ള 8 സ്ഥലങ്ങളിൽ Private Public Partnership (PPP) മോഡലിൽ ബസ് സ്റ്റേഷനുകൾ നിർമ്മിക്കുന്നതിന് Expression of Interest (EOI) ക്ഷണിക്കുകയുണ്ടായി. അതിൽ മൂന്ന് സ്ഥലങ്ങളിൽ (മൂന്നാർ, കൊല്ലം, ഈഞ്ചയ്ക്കൽ) Request for Proposal (RFP) ക്ഷണിച്ചതിൽ കൊല്ലം ഡിപ്പോയ്ക്ക് മാത്രം single bid ലഭിക്കുകയുണ്ടായി. തുടർന്ന് 08.01.2024-ൽ നടത്തിയ മീറ്റിംഗിൽ കൊല്ലം ബസ് സ്റ്റേഷന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനായി കൊല്ലം എം.എൽ.എ. 5 കോടി രൂപ നൽകാമെന്ന് അറിയിക്കുകയും തുടർന്ന് ടി പ്രവൃത്തി പി.ഡബ്ല്യു.ഡി. മുഖേന ചെയ്യിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു. കെ.എസ്.ആർ.ടി.സി.യുടെ സിവിൽ പ്രവൃത്തികൾ പി.ഡബ്ല്യു.ഡി. മുഖേന ചെയ്യിക്കുന്നതിനുള്ള സർക്കാർ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തിയും പി.ഡബ്ല്യു.ഡി.യ്ക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ